(ഡി) ജനസാന്ദ്രത കൂടിയ തീരദേശ റോഡിലെ പാലം എന്ന പരിഗണന നൽകി എത്രയും വേഗം ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിനായി 2.85 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇതിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണ പ്രവർത്തനങ്ങൾ

284(1355) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കളിക്കടവ്, മണക്കായിക്കടവ്, അരേങ്ങാട് പുഴ എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

കളിക്കടവ് പാലം നിർമ്മാണത്തിനായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനായി സ്ഥലം ഉടമകളുമായി ചർച്ച നടത്തിവരുന്നു.

മണക്കായിക്കടവ് പാലത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അരേങ്ങാട് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചു

സംസ്ഥാനത്തെ ദേശീയപാത വികസനം

285(1356) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദേശീയപാതയുണ്ട്; നാല് വരി പാതയാക്കി ദേശീയപാതയെ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്നത്തെ നിലയിൽ ദേശീയപാത നാല് വരി പാതയായി വികസിപ്പിക്കുന്നതിന് എത്ര തുക ചെലവ് കണക്കാക്കുന്നു; ഭൂമി അക്വയർ ചെയ്യുന്നതിനായി കണക്കാക്കപ്പെട്ട തുക എത്ര; എന്നത്തേക്ക് നാല് വരി ദേശീയപാത സംസ്ഥാനത്ത് നിലവിൽ വരും;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ദേശീയപാത വികസന കാര്യത്തിൽ മുഖ്യപരിഗണന നല്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ആകെ 1781.57 കി.മീ. ദേശീയപാതയുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ.എച്ച്. 17, എൻ.എച്ച്. 47 എന്നിവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. ഫേയ്സ് 2 & 3-ൽ ഉൾപ്പെടുത്തി ദേശീയപാത വികസന അതോറിറ്റി മുഖാന്തരമാണ്. ഇതിനാവശ്യമായ 1434.01 ഹെക്ടർ സ്ഥലത്തിൽ 205.54 ഹെക്ടർ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ച വരികയാണ്. ഡി.പി.ആർ. തയ്യാറാക്കുമ്പോൾ മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച് വിശദവിവരം ലഭ്യമാകുകയുള്ളൂ. മറ്റ് ദേശീയ പാതകളുടെ വികസനത്തിനാവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ഡി.പി.ആർ. പൂർത്തീകരിച്ച ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിച്ച ശേഷമേ ആവശ്യമായ തുകയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ.

(സി) ഈ സർക്കാർ, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ദേശീയപാതയുടെ വികസനത്തിന് മുൻഗണന നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിലെ കാലതാമസം കാരണം എൻ.എച്ച്. 17-ലെയും എൻ.എച്ച്. 47-ലെയും വികസനത്തിൽ നിന്നും ദേശീയപാതാ അതോറിറ്റി പിൻമാറിയെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തര സമ്മർദ്ദത്തിന്റെയും 45 മീറ്ററിൽ സ്ഥലമേറ്റെടുത്തു നൽകാമെന്ന ഉറപ്പിന്റെയും അടിസ്ഥാനത്തിൽ ഈ തീരുമാനം പുനഃപരിശോധിക്കുകയും പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കാൻ ദേശീയപാതാ അതോറിറ്റിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

മട്ടന്നൂർ മണ്ഡലത്തിലെ നിർമ്മാണങ്ങൾ

286(1357) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ നാളിതുവരെ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം കെട്ടിടനിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്തു വകുപ്പ് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവൃത്തിയുടേയും അടങ്കൽ തുക എത്രയാണ്; ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

LIBRARY ARCHIVES Kerala Legislative Assembly